വയനാട്-ഓവർ ഹെഡ്	-	3105
വെതർ പ്രൂഫ്	-	3057
കണ്ണൂർ-ഓവർ ഹെഡ്	-	16875
വെതർ പ്രൂഫ്	-	9572
കാസർഗോഡ്-ഓവർ ഹെഡ്	-	6390
വെതർ പ്രൂഫ്	-	4025

(സി) 77218 കണക്ഷനുകൾ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവന്തപുരം	-	6820
കൊല്ലം	-	6139
പത്തനംതിട്ട	-	2385
കോട്ടയം	-	4227
ഇടുക്കി	-	2514
തൃശ്ശൂർ	-	12819
ആലപ്പുഴ	-	4718
എറണാകുളം	-	7954
പാലക്കാട്	-	9625
മലപ്പുറം	-	4513
കോഴിക്കോട്	-	5844
വയനാട്	-	701
കണ്ണൂർ	-	3797
കാസർഗോഡ്	-	4162

(ഡി) 1667 ജീവനക്കാർക്ക്.

(ഇ) 181 പേർക്ക്.

കൺസ്യൂമർ കാർഡ് സിസ്റ്റം

76 (3477)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. അടൂർ പ്രകാശ് :

ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. കൺസ്യൂമർ കാർഡ് സിസ്റ്റം നടപ്പാക്കുന്നതിന് എത്ര അപേക്ഷകളും കാർഡുകളും പ്രിന്റുചെയ്തു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് എവിടെയാണ് പ്രിന്റു ചെയ്തത്;

(സി) പ്രിന്റിംഗിന് എന്തു തുക ചെലവായി;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനുവേണ്ടി ക്വട്ടേഷൻ ക്ഷണിച്ചിരുന്നുവോ; എങ്കിൽ ആരെല്ലാം എന്തു തുകവീതം ക്വാട്ടുചെയ്തു;

(ഇ) കൺസ്യൂമർ കാർഡിന് വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും ഫീസ് ഈടാക്കാനുദ്ദേശിക്കുന്നുണ്ടോ;

(എഫ്) എന്തു തുക വീതം ഈടാക്കാനുദ്ദേശിക്കുന്നു;

(ജി) കൺസ്യൂമർ കാർഡിനുള്ള ഫോറത്തിൽ എന്തെല്ലാം വിവരങ്ങളാണ് ചോദിച്ചിട്ടുള്ളത്;

(എച്ച്) ഇതിൽ ഏതെല്ലാം കോളങ്ങൾ ഒഴിവാക്കി; ഇവ ഒഴിവാക്കിയതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(ഐ) കൺസ്യൂമർ കാർഡ് നടപ്പാക്കുന്നത് സംബന്ധിച്ച് ജനങ്ങൾക്കുണ്ടായിരുന്ന ഉൽക്കണ്ഠ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജെ) എങ്കിൽ കൺസ്യൂമർ കാർഡ് വിതരണ തീരുമാനം പിൻവലിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) 58,32,000 അപേക്ഷകർ പ്രിന്റു ചെയ്തിട്ടുണ്ട്. കാർഡുകൾ പ്രിന്റു ചെയ്തിട്ടില്ല.

(ബി) 1. സോളാർ ഓഫ്സെറ്റ് പ്രിന്റേഴ്സ് കുളത്തൂർ.

2. കെ.ടി.സി. ഓഫ്സെറ്റ് പ്രിന്റേഴ്സ് കോഴിക്കോട്.

3. റെഡ്സ്റ്റാർ ഓഫ്സെറ്റ് പ്രിന്റേഴ്സ്-കോഴിക്കോട്.

4. എബ്നേസർ പ്രിന്റേഴ്സ്- തൃശ്ശൂർ.

(സി) ദക്ഷിണ മേഖലാ ചീഫ് എഞ്ചിനീയർ പ്രിന്റുചെയ്യിച്ചത് 85714 രൂപ. (പ്രിന്റിംഗ് ചാർജ്ജ് മാത്രം. പേപ്പർ വൈദ്യുതി ബോർഡാണ് സപ്ലൈ ചെയ്തത്).

ഉത്തരമേഖലാ ചീഫ് എഞ്ചിനീയർ പ്രിന്റു ചെയ്യിച്ചത് - 2,77,700 രൂപ.

(ഇത് പേപ്പർ ഉൾപ്പെടെയുള്ള ചാർജ്ജാണ്.)

(ഡി) ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. ദക്ഷിണ വിഭാഗം ചീഫ് എഞ്ചിനിയർ 35 ലക്ഷം ഫോറങ്ങൾ പ്രിന്റു ചെയ്യാനാണ് ക്വട്ടേഷൻ വിളിച്ചിരുന്നത്. വിശദാംശങ്ങൾ അനുബന്ധം -1-(†) ആയി ചേർത്തിട്ടുണ്ട്.

(ഇ) ഫീസ് ഈടാക്കുന്നകാര്യം തീരുമാനമായിട്ടില്ല.

(എഫ്)പ്രസക്തമല്ല.

(ജി) ഫോറത്തിന്റെ കോപ്പി അനുബന്ധം - 2-ൽ(†) വച്ചിട്ടുണ്ട്.

(എച്ച്) ഉപഭോക്താക്കൾക്ക് പൂരിപ്പിച്ചു നൽകാൻ ബുദ്ധിമുട്ടുണ്ട് എന്ന ആക്ഷേപം ഉയർന്നതിനാൽ, ഫോറത്തിലെ 2,4,5,9,10,14,16,17, എന്നീ എട്ടു കോളങ്ങൾ ഉപഭോക്താവ് പൂരിപ്പിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്.

(ഐ)&(ജെ) കൺസ്യൂമർ കാർഡ് നൽകുന്നതിനോടനുബന്ധിച്ച് ചില തെറ്റിദ്ധാരണകൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

† ലൈബ്രറിൽ വച്ചിട്ടുണ്ട്.

†

LIBRARY ARCHIVES Kerala Legislative Assembly

അത് ഭൂരിഭാഗവും കൺസ്യൂമർ കാർഡിന് നൽകുന്ന അപേക്ഷഫാറം ഉപഭോക്താവ് പൂരിപ്പിച്ചു നൽകുന്നത് സംബന്ധിച്ചുള്ളവയാണ്. ഈ തെറ്റിദ്ധാരണകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൺസ്യൂമർ കാർഡ് ഉപഭോക്താക്കൾക്ക് പ്രയോജനകരമാണെന്നതിനാൽ പിൻവലിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

കൺസ്യൂമർ കാർഡ് പരസ്യങ്ങൾക്കായി കെ.എസ്. ഇ.ബി. ചെലവഴിച്ച തുക

77 (3478)ശ്രീ. വി. ബാലറാം :

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്ക് കൺസ്യൂമർ കാർഡ് നൽകുന്നത് സംബന്ധിച്ച് വാർത്താ മാധ്യമങ്ങൾക്ക് പരസ്യം നൽകിയതിന് കെ.എസ്.ഇ.ബി.യ്ക്ക് മൊത്തം എന്തു തുക ചെലവ് വന്നു;

(ബി) ഓരോ മാദ്ധ്യമങ്ങൾക്കും എന്ത് തുക വീതം ചെലവ് വന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) കൺസ്യൂമർ കാർഡ് നല്കുന്നത് സംബന്ധിച്ച് വാർത്താമാദ്ധ്യമങ്ങൾക്ക് പരസ്യം നല്കിയതിന് 25,43,500 രൂപ (ഇരുപത്തിയഞ്ചുലക്ഷത്തി നാല്പത്തിമൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. പരസ്യം പ്രസിദ്ധീകരിച്ചതിനുള്ള ബില്ലുകൾ ഒന്നും ലഭിച്ചിട്ടില്ലാത്തതിനാൽ ഇതുവരെ തുകയൊന്നും ചെലവായിട്ടില്ല. ടെലിവിഷനിൽ പരസ്യം നല്കിയവകയിൽ 43,500 രൂപയും പത്രങ്ങളിൽ പരസ്യം നൽകിയവകയിൽ 25 ലക്ഷം രൂപയും ചിലവ് പ്രതീക്ഷിക്കുന്നു.

വൈദ്യുതി ബോർഡിൽ കോടതി കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക നിയമ വിഭാഗം

78 (3479)ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ കോടതി കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകം നിയമവിഭാഗം ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ലോ ഓഫീസർ തസ്തിക ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ തസ്തികയുടെ ചാർജ്ജ് വഹിക്കുന്നത് ആരാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31.12.99 വരെ കേസ്സുകൾ നടത്തുന്നതിലേക്കായി വക്കീൽ ഫീസ് ഇനത്തിൽ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ബോർഡിലെ ഉദ്യോഗസ്ഥർക്ക് യാത്രാബത്തയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; കേരള സർക്കാർ ജീവനക്കാരുടെ ടി.എ.റൂൾസ്/ബില്ലിംഗ് ഇവർക്ക് ബാധകമാണോ;

LIBRARY ARCHIVES Kerala Legislative Assembly